KERALA PRADESH SCHOOL TEACHERS' ASSOCIATION

www.kpsta.in

# K.P.S.T.A.

## Kerala Pradesh School Teachers' Association

Central Committee Office . KPSTA Adyapaka Bhavan,
Chinmaya School Lane, Kunnumpuram, Thiruvananthapuram. Ph : 0471 2575797
Recognised as per G.O. (MS) 289/63 Dt.29/4/1963 & GO (RT) 2317/2016 Gen.Edn. Dt.15/7/2016
&GO(RT)533/2018Gen.Edn. Dt.02/02/2018

President
**V.K AJITHKUMAR**
Mob : 9846154858
ajithkpsta@gmail.com

General Secretary
**M. SALAHUDEEN**
Mob : 9447041019
salahudeenkpsta@gmail.com

Treasurer
**S. SANTHOSHKUMR**
Mob : 9447721104
santhoshkonni@gmail.com

Date..................

05.09.2019

സ്വീകർത്താവ്

ബഹു. കേരള മുഖ്യമന്ത്രി

തിരുവനന്തപുരം

സർ,

**വിഷയം:-പാലക്കാട്ജില്ലയിലെ പട്ടാമ്പി ഉപജില്ലയിലെ കുളമുക്ക് എ.എം.എൻ.വി. സ്കൂൾ സഹാധ്യാപകനായ ശ്രീ. പ്രശാന്ത് എം.പിയെ മനേജർ പിരിച്ചു വിട്ട നടപടി അംഗീകരിച്ച സർക്കാർ നടപടി തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ:**

**സൂചന:-1. സ.ഉ (സാധാ) നം.1923/2019 പെ.വി.വ.തീയതി 27.05.219**

**2. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നം.എഫ്/4283/ 2015 തീയതി 25.03.2017**

**3. ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലാഓഫീസറുടെ ഉത്തരവ് നം.കെ. ഡിസ്/ബി4/4501/16 തീയതി 17.04.2017**

ബാലിശമായ കാരണങ്ങൾ കാണിച്ച് പാലക്കാട് ജില്ലയിലെ പട്ടാമ്പി ഉപജില്ലയിലെ കുളമുക്ക് എ.എം.എൽ.പി.സ്കൂളിലെ സഹാധ്യാപകനായ ശ്രീ. എം.പി പ്രശാന്തിനെ പിരിച്ചുവിട്ട നടപടിയിൽ, ശ്രീ. എം.പി പ്രശാന്ത് സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാഹർജി മേൽ സൂചന (1) പ്രകാരം പരിഗണനാർഹമല്ലെന്ന് കാണിച്ച് നിരസിച്ച് ഉത്തരവായിരിക്കുന്നു.

സൂചന (2) ഉത്തരവ് പ്രകാരം പട്ടാമ്പി ഉപജില്ലവിദ്യാഭ്യാസ ഓഫീസറും സൂചന(3) ഉത്തരവ് പ്രകാരം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസഓഫീസറും, ശ്രീ. എം.പിപ്രശാന്തിനെ സർവ്വീസിൽ നിന്നും പിരിച്ചുവിടത്തക്കവണ്ണമുള്ള കുറ്റങ്ങൾ തെളിഞ്ഞതായി കാണുന്നില്ല എന്ന റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് സൂചന (1) ഉത്തരവു

പ്രകാരം ശ്രീ. എം.പിപ്രശാന്തിനെ പിരിച്ചു വിട്ടിരിക്കുന്നത്.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ തങ്ങളിൽ നിഷിപ്തമായ അധികാരം ഉപയോഗിച്ച് അധ്യാപകനെ പിരിച്ചു വിടുകയും, രാഷ്ട്രീയ -ഉദ്യോഗസ്ഥ പ്രമുഖരെ സ്വാധീനിച്ച്, ആയതിന് അംഗീകാരം നേടുകയുമാണ് മാനേജർ ചെയ്തിട്ടുള്ളത്. അധ്യാപകരെ പിരിച്ചു വിടാനുള്ള മാനേജരുടെ തീരുമാനം അംഗീകരിക്കുന്ന സർക്കാർ നടപടി കേരള വിദ്യാഭ്യാസ ചട്ടങ്ങൾ ഉണ്ടായതിനുശേഷം അപൂർവ്വമായ സംഭവമാണ്. ഒരു ഇടതുപക്ഷ സർക്കാരിൽ നിന്നും ഉണ്ടാവാൻ പാടില്ലാത്ത കാര്യമാണ് മേൽ സൂചന (1) ഉത്തരവ് പ്രകാരം ഉണ്ടായിട്ടുള്ളത്.

ആയതിനാൽ ശ്രീ. എം.പി.പ്രശാന്തിനെ പിരിച്ചുവിട്ട മനേജരുടെ നടപടി അംഗീകരിച്ച മേൽ സൂചനയിലെ ഉത്തരവ് റദ്ദ് ചെയ്ത്, ശ്രീ.എം. പി പ്രശാന്തിന് അധ്യാപകനായി ജോലി ചെയ്ത് ജീവിക്കാനുള്ള സാഹചര്യമൊരുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം

**വി.കെ.അജിത്കുമാർ**
സംസ്ഥാനപ്രസിഡന്റ്